# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 432

02.12.2014- ലെ മറുപടിക്ക്

**സഹകരണ ബാങ്ക് വായ്പകൾ**

**ചോദ്യം**

**ശ്രീ.പി.തിലോത്തമൻ**

എ) സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകൾ സാമ്പത്തിക പരിഗണനകൾ നോക്കി യാണോ എന്ന് വ്യക്തമാക്കുമോ? പാവപ്പെട്ട ജനങ്ങൾക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഷയം പരിഹരിക്കുന്നതിന് കൈകൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

ബി) സ്വകാര്യ നിയമവിരുദ്ധ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സാധാരണക്കാരെ സഹായി ക്കുവാൻ പാവപ്പെട്ടവർക്ക് നൽകുന്ന വായ്പകളിൽ പലിശ ഇളവ് നൽകാനും ജപ്തി നടപടികൾ ലഘൂകരിക്കുവാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) ഒരു ലക്ഷം രൂപാവരെയുള്ള കാർഷിക വായ്പകളും 50,000/ രൂപ വരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാൻ നിലവിൽ വ്യവസ്ഥയുണ്ട്. സംഘങ്ങൾ നൽകി വരുന്ന മറ്റ് വായ്പകൾക്ക് , ടി വായ്പകൾക്ക് നിശ്ചയിച്ചിട്ടുള്ള ഈടും വായ്പക്കാരന്റെ തിരിച്ചടവ് ശേഷിയും പരിഗണിക്കാറുണ്ട്. സഹകരണ സംഘങ്ങൾ പാവപ്പെട്ട ജനങ്ങൾക്ക് വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് നൽകുന്ന വായ്പകൾക്ക് 16% വരെ ഈടാക്കിയിരുന്ന പലിശ 1% കുറച്ച് പരമാവധി 15% മായി നിജപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പ ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശ നിരക്ക് പരമാവധി 12% മായും നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.

നിലവിൽ ഉദാര വ്യവസ്ഥകളിലാണ് വായ്പകൾ നൽകി വരുന്നത്. ജപ്തി നടപടികൾ ലഘൂകരിക്കുന്നതിനുള്ള നടപടികളും സ്വീകരി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ